7874

File No.LBRD-C2/45/2017-LBRD

13 MAR 2017

കേരള സർക്കാർ

സംഗ്രഹം

തൊഴിലും നൈപുണ്യവും വകുപ്പ്- പോളിടെക്നിക്കുകളിൽ മുൻപ് നടത്തിയിരുന്ന രണ്ടു വർഷ കാലയളവിലെ ഡിപ്ലോമ ഇൻ കോസ്റ്റ്യൂം ഡിസൈനിംഗ് & ഡ്രസ് മേക്കിംഗ് എന്ന കോഴ്സ് ഐ.ടി.ഐ.കളിലെ ഒരു വർഷം കാലയളവിലെ ഡിപ്ലോമ ഇൻ ഫാഷൻ ടെക്നോളജിയ്ക്ക് തത്തുല്യ യോഗ്യതയായി കണക്കാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു

തൊഴിലും നൈപുണ്യവും (സി) വകുപ്പ്

സ.ഉ.(സാധാ)/298/2017/തൊഴിൽ തിരുവനന്തപുരം,തീയതി, 06/03/2017

പരാമർശം:- 1.ശ്രീമതി.ഷീജ.ടി. ശ്രീമതി.സിന്ധു.ജെ., ശ്രീമതി.മൈമുനത്ത് എന്നിവരുടെ നിവേദനം
2.സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറുടെ 29.01.2014 ലെ സി4/34871/2014 നമ്പർ കത്ത്.
3. 17.01.2015 ലെ ട്രെയിനിംഗ് ഡയറക്ടറുടെ എഫ് 1/43553/14 നമ്പർ കത്ത്.

ഉത്തരവ്

വ്യാവസായിക പരിശീലന വകുപ്പിൽ ജൂനിയർ ഇൻസ്ട്രക്ടർ (ഫാഷൻ ടെക്നോളജി) തസ്തികയിലേയ്ക്കുള്ള യോഗ്യതയായി സാങ്കേതിക വിദ്യാഭാസ വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പോളിടെക്നിക്കുകളിൽ മുൻപ് നടത്തിയിരുന്ന കോസ്റ്റ്യൂം ഡിസൈനർ & ഡ്രസ്സ് മേക്കിംഗിലുള്ള രണ്ട് വർഷ ഡിപ്ലോമ കോഴ്സിനെ കണക്കാക്കി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് പരാമർശം 1 പ്രകാരം നിവേദകർ അപേക്ഷിക്കുകയുണ്ടായി.

2. വ്യാവസായിക പരിശീലന വകുപ്പിലെ ജൂനിയർ ഇൻസ്ട്രക്ടർ (ഫാഷൻ ടെക്നോളജി) എന്ന തസ്തികയിലേയ്ക്കുള്ള യോഗ്യതയായി പോളിടെക്നിക്കുകളിൽ, മുൻപ് നടത്തിയിരുന്ന 2 വർഷ കോഴ്സായ "ഡിപ്ലോമ ഇൻ കോസ്റ്റ്യൂം ഡിസൈൻ & ഡ്രസ്സ് മേക്കിംഗ്" ഒരു വർഷകോഴ്സായ ഫാഷൻ ഡിസൈനിംഗ് & ടെക്നോളജി (ഫാഷൻ ടെക്നോളജി) എന്ന കോഴ്സിന്റെ ഉയർന്ന യോഗ്യതയായി പരിഗണിക്കപ്പെടുന്നതാണ് എന്ന് പരാമർശം 2 പ്രകാരം സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ചെയ്യുകയുണ്ടായി. കൂടാതെ ടി കോഴ്സ് ജൂനിയർ ഇൻസ്ട്രക്ടർ (ഫാഷൻ ടെക്നോളജി) എന്ന തസ്തികയുടെ 85% തത്തുല്യ യോഗ്യതയായി കണക്കാക്കാമെന്ന് പരാമർശം 2 പ്രകാരം ട്രെയിനിംഗ് ഡയറക്ടറും അറിയിക്കുകയുണ്ടായി.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ പോളിടെക്നിക്കുകളിൽ മുൻപ് നടത്തിയിരുന്ന കോസ്റ്റ്യൂം ഡിസൈൻ & ഡ്രസ്സ് മേക്കിംഗിലുള്ള രണ്ട് വർഷ ഡിപ്ലോമ കോഴ്സ് ഐ.ടി.ഐ. കളിൽ നടത്തപ്പെടുന്ന ഒരു വർഷ ഡ്രസ്സ് മേക്കിംഗ് കോഴ്സിന് തത്തുല്യ യോഗ്യതയായി കണക്കാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**ആർ. താരാദേവി**

**ജോയിൻറ് സെക്രട്ടറി**

ട്രെയിനിംഗ് ഡയറക്ടർ, തിരുവനന്തപുരം
ശ്രീമതി. ഷീജ. ടി,നെല്ലിവിള കിഴക്കതിൽ,കോലന്നൂർ,ഏഴുകോൺ .പി.ഒ,കൊല്ലം-691505
ശ്രീമതി. സിന്ധു.കെ,കല്ലുവിള വടക്കതിൽ,മിയണ്ണൂർ.പി.ഒ ,കൊട്ടറ,കൊല്ലം
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/ എ ആന്റ് ഇ) കേരള, തിരുവനന്തപുരം.
വിവര പൊതുജന സമ്പർക്ക വകുപ്പ്. (ഗവ. വെബ് സൈറ്റിൽ നൽകുന്നതിനായി)
കരുതൽ ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ